"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല- കരുളായി ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലാർക്ക് ശ്രീ.രാജേഷ്. ഒ.പി -ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.305/2026/LSGD തീയതി,തിരുവനന്തപുരം, 05-02-2026

---

പരാമർശം:-
1. ശ്രീ.രാജേഷ് ഒ പി സമർപ്പിച്ച 07.08.2025ലെ അവധി അപേക്ഷ
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.10.2025ലെ LSGD/PD/30319/2025-DEC4 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.രാജേഷ്. ഒ.പി -ക്ക് 08/08/2025 മുതൽ 08/02/2026 വരെ 185 ദിവസത്തേയ്ക്ക് കെ.എസ്.ആർ പാർട്ട് 1 റൂൾ 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ അല്ലാതെയുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.രാജേഷ്. ഒ.പി -യുടെ ഭാര്യയുടെ ചികിത്സാർത്ഥമാണ് ടിയാൻ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ അല്ലാതെയുള്ള ശൂന്യവേതനാവധിക്ക് പരാമർശം (1) പ്രകാരം അവധിക്ക് അപേക്ഷിച്ചിട്ടുള്ളത് . ചികിത്സ സംബന്ധമായ രേഖകൾ ടിയാൻ ഹാജരാക്കിയിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.രാജേഷ്. ഒ.പി -ക്ക് 08/08/2025 മുതൽ 08/02/2026 വരെ ടി കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജിതാവധി എന്നിവയ്ക്ക് കണക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 1 റൂൾ 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി, കരുളായി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീ.രാജേഷ് ഓ പി - , ക്ലർക്ക് , കരുളായി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.286/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 05-02-2026 16:17:42